

യുവജനങ്ങളുടെ ശ്രദ്ധക്ക്...
യുവതി-യുവാക്കൾക്ക് അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും യോജിപ്പുകളും, വിയോജിപ്പുകളുമൊക്കെ പങ്കുവെയ്ക്കുന്നതിനായുള പംക്തി കേരളീയം പുനരാരംഭിച്ചിരിക്കുന്നു..
നിങ്ങളുടെ തോന്നലുകൾക്കുള്ള ഈ ഇടത്തിലേക്ക് എഴുതുമല്ലോ???

# പെൺചിറകുകൾ പറയുന്നത്

സീന സി.എ. (S FM, തൃശൂർ)

കണ്ണു തുറന്നും അടച്ചും സ്വപ്നങ്ങൾ കണ്ടാണ് ജീവിതം മുന്നോട്ടു പോകുന്നത്. ചിന്തിക്കാൻ ഒന്നുമില്ലാതെ വരുമ്പോൾ ഇഷ്ടമുള്ള കാര്യങ്ങളുടെ ഒരു ലോകത്തേക്ക് പറന്നു പോകും. അവിടെ എന്റെ ഇഷ്ടങ്ങൾകൊണ്ട് ഒരു സങ്കൽപ്പലോകം ഞാൻ തീർത്തിട്ടുണ്ട്. ആ ലോകത്തിന്റെ 'ഈശ്വരി'യായി ഞാൻ എന്ന തന്നെ പ്രതിഷ്ഠിച്ചിരിക്കുകയാണ്. ഈ ലോകത്ത് ഭരണപക്ഷവും ഔദ്യോഗിക പക്ഷവും ഒന്നുമില്ല. കൃത്യമായി പറഞ്ഞാൽ 'ഒരു കുന്തം പട്ടാണി' ലോകം. ഇവിടെ ആണും പെണ്ണും ഇല്ല. മനുഷ്യനും മൃഗങ്ങളും ചെടികളും എന്നൊരു വേർത്തിരിവും ഇല്ല. എല്ലാവരോടും ഞാൻ സംസാരിക്കുന്നു. അവർ എന്നോടും. പകലിന്റെ തിരക്കിലും രാത്രിയുടെ ഒതുക്കത്തിലും ഞാൻ അവരുമായി സംസാരിക്കുന്നു.

മനുഷ്യന്മാരെ വിശ്വസിക്കാൻ കൊള്ളില്ല എന്നായിരുന്നു ഒരിക്കൽ വല്ല്യമ്മച്ചി പറഞ്ഞുതന്നത്. പക്ഷേ, ഞാൻ മനുഷ്യരെ സ്നേഹിച്ചു. മോഹിച്ചു. വിശ്വസിച്ചു. ഇപ്പോഴും മനുഷ്യരുടെ നന്മയിൽ വിശ്വസിക്കുന്നു. എല്ലാവരിലും നന്മയുണ്ടെന്ന വിശ്വാസമാണ് എനിക്ക് സുഹൃത്തുക്കളെ സമ്മാനിച്ചത്. ഭൂമിയിൽ പ്രണയത്തേക്കാളും വേരോട്ടമുള്ള ബന്ധം സൗഹൃദമാണെന്നാണ് എന്റെ പക്ഷം. എല്ലാ സൗഹൃദങ്ങളും എല്ലായ്പ്പോഴും ഉണ്ടായില്ലെങ്കിലും ഏതെങ്കിലും ഒരു സൗഹൃദമെങ്കിലും എപ്പോഴും കൂട്ടുണ്ടാകും. തീർച്ച.

ജീവതത്തിൽ ഞാനേറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നതും അഭിമാനിക്കുന്നതും 'ഞാനൊരു പെൺകുട്ടിയാണ്' എന്നതിനാലാണ്. പക്ഷേ പെൺകുട്ടിയായിരിക്കുന്നതിലെ ഏറ്റവും വലിയ പ്രശ്നം മറ്റുള്ളവർ നമ്മെ ഒരു വ്യക്തി എന്നതിലുപരി ഒരു പെൺകുട്ടിയായി കാണുന്നു എന്നതാണ്. അപ്പോൾ അവർ നമുക്ക് മുൻപിൽ തടസ്സങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കും.

പക്ഷേ, ചുറ്റുമുള്ളവർ എനിക്കു ചുറ്റും മതിലുകൾ പണിയുമ്പോൾ ഞാൻ എനിക്കു ചിറകുകൾ നെയ്തു. അങ്ങനെ ചിറകുകൾ വിരിച്ച് അവർ ഉണ്ടാക്കിയ മതിലിനു മുകളിലൂടെ ഞാൻ പറന്നു. പറക്കുമ്പോൾ അധികഭാരം തോന്നില്ല. ഒരു തൂവൽക്കനം മാത്രം. മനുഷന്മാർ മുഖംമൂടികൾ ധരിക്കുന്നതുകൊണ്ടാണ് അവർക്ക് പറക്കാൻ കഴിയാത്തത്. എത്രയെത്ര മുഖംമൂടികളാ...!! അതിന്റെ കനംകൊണ്ട് ഒന്ന് ഉയരാൻപോലും പറ്റാതെ അവർ സ്വയം തീർത്ത മതിലുകൾക്കുള്ളിൽ ഒതുങ്ങിപ്പോകുന്നു.

എല്ലാ പെൺകുട്ടികൾക്കുമുണ്ട് ചിറകുകൾ. പക്ഷേ, പലപ്പോഴും അവരത് കണ്ടെത്തുന്നില്ല. എല്ലാ പെൺകുട്ടികളും ചിറകുവിരിച്ച് പറന്നുയരുന്ന ഒരു കാലമാണ് എന്റെ സ്വപ്നം. ചിറകുള്ള ഒരു പെൺകാലം!!